# ഉള്ളടക്കം


| | |
|---|---|
| 1. അടിസ്ഥാന വിവരങ്ങൾ | 1 |
| 2. ആമുഖം | 2 |
| 3. ലക്ഷ്യങ്ങൾ | 3−4 |
| 4. അക്കാദമിക് പ്രവർത്തനങ്ങൾ– | |
| മലയാളം | 5−6 |
| ഇംഗ്ലീഷ് | 7 |
| ഹിന്ദി | 8−9 |
| സയൻസ് | 10−11 |
| മാത്സ് | 12−13 |
| സംസ്കൃതം | 14−15 |
| 10. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | 16−17 |
| 11. കലാവിദ്യാഭ്യാസം | 18−19 |
| 12. ആരോഗ്യ കായിക വിദ്യാഭ്യാസം | 20 |
| 13. വ്യക്തിത്വ വികസനം | 21 |
| 13. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം | 22−24 |

- പരിസ്ഥിതി ക്ലബ്ബ്
- വിമുക്തി ക്ലബ്ബ്
- ശുചിത്വ ക്ലബ്ബ്
- ഐ.ടി ക്ലബ്ബ്
- ലിറ്റിൽ കൈറ്റ്സ്

| | |
|---|---|
| 14. ഉപസംഹാരം | 25 |

# <u>അടിസ്ഥാന വിവരങ്ങൾ</u>

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാല |
| വിലാസം | : | പി.ഒ. കാക്കയങ്ങാട്, കണ്ണൂർ – 670673 |
| ഫോൺ | : | 0490 2302410 (എച്ച്.എസ്.) |
| | | 0490 2302302 (എച്ച്.എസ്.എസ്) |
| സ്കൂൾ കോഡ് | : | 14035 (എച്ച്.എസ്.) |
| | : | 13042 (എച്ച്.എസ്.എസ്) |
| ഉപജില്ല | : | ഇരിട്ടി |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി.ആർ.സി | : | ഇരിട്ടി |
| ഗ്രാമപഞ്ചായത്ത് | : | മുഴക്കുന്ന് |
| ബ്ലോക്ക് | : | പേരാവൂർ |
| ജില്ല | : | കണ്ണൂർ |
| നിയമസഭ മണ്ഡലം | : | പേരാവൂർ |
| ലോക്സഭ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | ഇരിട്ടി |
| വില്ലേജ് | : | മുഴക്കുന്ന് |
| ഇ.മെയിൽ | : | palaghssknr@gmail.com |

## ആമുഖം

ഗവ ഹയർ സെക്കന്ററി സ്കൂൾ പാല എന്നറിയപ്പെടുന്ന ഈ വിദ്യാലയം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഏകാധ്യാപക എലിമെന്ററി സ്കൂളായി 1924ൽ ആരംഭിച്ചതാണ്. 1959ൽ കേരള വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റത്തിന്റെ ഭാഗമായി ഈ വിദ്യാലയം ബോർഡ് യു പി സ്കൂളായി ഉയർന്നു. 1976ൽ ഹൈസ്കൂൾ ആയും 2000ൽ ഹയർ സെക്കന്ററി ആയും ഉയർന്നു. ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ ഈ പ്രദേശത്തെ ധാരാളം പേർ സഹായിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്. ശ്രീ.നാരായണൻ മാസ്റ്റർ, ശ്രീ.എ. സി. ഗോപാലൻ നമ്പ്യാർ, ശ്രീ.പി. വി. നാരായണൻ എന്നിവരുടെ പേരുകൾ എന്നെന്നും സ്മരിക്കപ്പെടുന്നതാണ്.

ഹൈസ്കൂളിന് ആവശ്യമായ സ്ഥലം അനുവദിച്ച ചിറ്റാരിക്കുന്നത് ശ്രീ. ഗോവിന്ദൻ മാസ്റ്ററോടും കുടുംബത്തോടും ഈ വിദ്യാലയം കടപ്പെട്ടിരിക്കുന്നു. അതുപോലെ ഈ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന മുൻ അധ്യാപകർ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, പി ടി എ പ്രസിഡന്റുമാർ, മദർ പി ടി എ പ്രസിഡന്റുമാർ, മറ്റു ഭാരവാഹികൾ, നാട്ടുകാർ, പൂർവവിദ്യാർത്ഥികൾ എന്നിവരെല്ലാം ഈ വിദ്യാലയത്തിന് നൽകിയ അളവറ്റ സഹായങ്ങൾ ഇവിടെ സ്മരിക്കുന്നു.

**ഭൗതികസൗകര്യങ്ങൾ**

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഹൈസ്കൂൾ വരെ 8 കെട്ടിടങ്ങളിലായി 35 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് 2 കെട്ടിടത്തിലായി 10 ക്ലാസ് മുറികളുമുണ്ട്. .ഐ ടി @ സ്കൂളിന്റെ ഐ.സി.ടി മോഡൽ സ്കൂളായി പേരാവൂർ മണ്ഡലത്തിൽ നിന്നും GHSS പാല തിരഞ്ഞെടുക്കപ്പെട്ടു. സ്കൂളിൽ ഒരു മുഴുവൻ സമയ കൗൺസിലർ ഉണ്ട്. 3 ദിവസങ്ങളിൽ ഹെൽത്ത് നേഴ്സിന്റെ സേവനം ലഭിക്കുന്നുണ്ട്. നമ്മുടെ ഈ വിദ്യാലയം ഇപ്പോൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു. പഠനരംഗത്തെ പുതുവഴികൾക്കും വേറിട്ട കൂട്ടായ്മയ്ക്കും ലഭിച്ച അംഗീകാരമാണിത്. കേരള സർക്കാറിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പേരാവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ വിദ്യാലയം. അഞ്ചുവർഷം കൊണ്ട് എല്ലാ മേഖലയിലും രാജ്യാന്തര നിലവാരം. ഇരുപതുകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണിവ. വേറിട്ട ഹരിത ക്യാമ്പസ്, മികച്ച ഹൈടെക് ക്ലാസ് മുറികൾ, മെച്ചപ്പെട്ട ശുചിമുറികൾ, അത്യാധുനിക പാചകശാല, ജൈവവൈവിധ്യ ഉദ്യാനം, സൗരോർജ്ജ സംവിധാനം, ശാസ്ത്രീയ മാലിന്യസംസ്കരണം, ഹരിതവൽക്കരണം തുടങ്ങി നല്ല സൗകര്യങ്ങളുള്ള മികച്ച വിദ്യാലയമായി മാറി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പാല. കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 23 മാതൃക വിദ്യാലയങ്ങളുടെ കൂട്ടത്തിലെ ഒരു വിദ്യാലയമാണ് പാല വിദ്യാലയം. ഹൈസ്കൂളിലെ എല്ലാക്ലാസുകളിലും എൽ.സി.ഡി പ്രൊജക്ടർ, ലാപ്ടോപ്, ശബ്ദ സംവിധാനങ്ങളിലൂടെ പഠനം പൂർണമായും ഹൈടെക് ലഭ്യമാവുന്നു. എൽ.പി., യു.പി. വിഭാഗങ്ങളിൽ അടുത്ത ഘട്ടത്തിൽ എല്ലാ ക്ലാസുകളിലും ഈ സംവിധാനം ഉണ്ടാവുന്നതാണ്. എൻ.സി.സി., ഉണർവ്, നവജീവിത പരിശീലന പരിപാടി, ലിറ്റിൽ കൈറ്റ്സ്, കനിവ്, സ്നേഹവേദി, കളരി പരിശീലനം, ക്ലാസ് ലൈബ്രറികൾ, വോളീബോൾ പരിശീലനം, കബഡി പരിശീലനം, നേർവഴി–കൗൺസിലിംഗ് പരിപാടി, മറ്റ്ക്ലബ്ബുകൾ തുടങ്ങിയവ പാല വിദ്യാലയത്തിൽ സജീവമാണ്.

# ലക്ഷ്യങ്ങൾ

സ്കൂളിന്റെ ഭൗതികവും, സാമൂഹികവുമായ പരിമിതികളെ ഫലപ്രദമായി മറികടക്കുന്നതിനുപകരിക്കുന്ന അനുയോജ്യമായ ഹ്രസ്വ, ദീർഘകാല പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക വഴി ഈ വിദ്യാലയത്തെ മികവുറ്റ സ്ഥാപനമാക്കി വളർത്തിയെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

- മത നിരപേക്ഷ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനശേഷികൾ ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗത്തിലെ മുഴുവൻ വിദ്യാർത്ഥികളും നേടിയെടുത്തു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകൾ അനായാസേന സംസാരിക്കാനും, എഴുതുവാനും വായിക്കാനുമുള്ള കഴിവുകൾ കൈവരിക്കുക.
- കുട്ടികൾക്ക് അന്താരാഷ്ട്ര നിലവാരത്തിൽ പഠനം നടത്താനുള്ള പഠനോപകരണങ്ങൾ സാധ്യമാക്കുക.
- വിദ്യാർത്ഥികളുടെ സർഗ്ഗപരവും, അക്കാദമികപരവും, കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക. അവരെ ഈ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്ന പൗരന്മാരായി വളർത്തുക.
- ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അതാതു ക്ലാസിനനുസരിച്ച് ആശയദൃഢതയും, അഭിരുചിയും ഉള്ളവരാക്കി എടുക്കുക. വിവര വിനിമയ സാങ്കേതിക വിദ്യയിലെ അടിസ്ഥാന ധാരണകൾക്കൊപ്പം അവയുടെ ഫലപ്രദമായ ഉപയോഗവും കുട്ടികൾ സ്വാംശീകരിച്ചു എന്നു ഉറപ്പുവരുത്തുക.
- ജൈവ കൃഷിയിലൂടെ കുട്ടികളിൽ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക. മാലിന്യ നിർമാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വഴി ലഹരി വിരുദ്ധ സമൂഹം രൂപപ്പെടുത്തുക.

- വായനാശീലം പ്രോത്സാഹിപ്പിക്കുക വഴി, സാമൂഹ്യബോധവും, സംസ്ക്കാരവും സാഹിത്യ അഭിരുചികളും വളർത്താൻ സഹായിക്കുക.
- വിദ്യാർത്ഥികളെ മൂല്യബോധവും, നന്മയും അച്ചടക്കവും ഉള്ളവരായി വളർത്തുക.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത വിദ്യാലയം സൃഷ്ടിക്കുക.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- വിദ്യാർത്ഥികളെ അവരുടെ മൗലിക അവകാശങ്ങളെ കുറിച്ചും, നിയമ വ്യവസ്ഥകളെ കുറിച്ചും ബോധവാന്മാരാക്കുക.
- മൗലിക അവകാശങ്ങളെ കുറിച്ചും, നിയമ വ്യവസ്ഥകളെ കുറിച്ചും ബോധവാന്മാരാക്കുക.
- നവ മാധ്യമങ്ങളുടെ ഉപയോഗം ഫലപ്രദവും, വിജ്ഞാനപ്രദവുമാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ വിദ്യാർത്ഥികളെ സഹായിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടിവരിക.
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക.
- മതേതരത്വം, മാനവികത, നേതൃത്വശേഷി, തിന്മകളോടും, വിവേചനങ്ങളോടുമുള്ള നിലപാടുകൾ എന്നീ അടിസ്ഥാന ആശയങ്ങൾ വളർത്തുന്ന ഒരു പരിശീലനക്കളരിയാക്കി വിദ്യാലയത്തെ മാറ്റിയെടുക്കുക.
- ലൈബ്രറിയും, ലബോറട്ടറിയും ആധുനികവത്ക്കരിച്ച് കുട്ടിക്ക് സ്വയം പഠനശേഷിയും, അന്വേഷണ പരതയും വർദ്ധിപ്പിക്കുക.
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കുവെയ്ക്കുക.
- പൂർവ്വ വിദ്യാർത്ഥികളെയും മറ്റ് പൊതു വിദ്യാഭ്യാസ തത്പരരേയും സ്കൂൾ വികസന പ്രവർത്തനങ്ങൾ പങ്കുചേർക്കുക.
- പൊതു സമൂഹത്തിന്റെ പിന്തുണ വിദ്യാലയത്തിനും വിദ്യാലയത്തിന്റെ പിന്തുണ പൊതു സമൂഹത്തിനും ഉറപ്പാക്കുക.

## അക്കാദമിക് പ്രവർത്തനങ്ങൾ

### മലയാളം – ഭാഷാശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം | മലയാളം അധ്യാപകർ |
| എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | • ക്ലാസ് ലൈബ്രറി നവീകരിക്കുക<br>• വായനോത്സവം<br>• പത്രവായന<br>• റീഡിംങ്ങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ<br>• ക്ലാസ് നിലവാരത്തിന് അനുസരിച്ച് പുസ്തകം ലഭ്യമാക്കൽ | ആവശ്യം അനുസരിച്ച്<br>6 മാസം | മലയാളം അധ്യാപകർ |
| പത്രവായന പരിപോഷിപ്പിക്കുക. | • പത്രവായന – പരമാവധി പത്രം സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ – ഓരോ ക്ലാസ്സിനും ഓരോ പത്രം<br>• രാവിലെ പ്രധാനവാർത്തകളുടെ അവതരണം<br>• വായനാനുഭവം പങ്കുവയ്ക്കൽ, സാഹിത്യ ക്വിസ് രചന, ശില്പശാല, കവിത, കഥ, കവിതാലാപനം ക്ലാസ് തലത്തിലും | ദിവസേന<br>ദിവസേന<br>മാസത്തചന്റ 1 തവണ | വിദ്യാരംഗം ഇൻചാർജ്ജ്<br>മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | സ്കൂൾ തലത്തിലും പത്രം, പുസ്തകാസ്വാദനം, ഇ-വായന<br>• അമ്മമാർക്കൊരു പുസ്തകം | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം |
| വിവിധ ശേഷി വികസനം | • ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘ ടിപ്പക്കൽ<br>• ഉള്ളൂർദിനം<br>• ചങ്ങമ്പുഴ ദിനം<br>• വായന ദിനം<br>• ബഷീർ ദിനം<br>• ലോക സാക്ഷരത ദിനം<br>• കർഷക ദിനം - ചിങ്ങം 1<br>• ലോക വയോജന ദിനം<br>• കേരളപ്പിറവി<br>• വൈലോപ്പിള്ളി ചരമദിനം<br>• ലൈബ്രറി ദിനം<br>• മാതൃഭാഷ ദിനം | ജൂൺ-മാർച്ച്<br>ജൂൺ -15<br>ജൂൺ-17<br>ജൂൺ 19<br>ജൂലൈ 5<br>സെപ്തംബർ 8<br>സെപ്തംബർ26<br>ഒക്ടോബർ 1<br>നവംബർ 1<br>ഡിസംബർ 22<br>ജനുവരി 11<br>ഫെബ്രുവരി 21 | വിദ്യാരംഗം<br>വിദ്യാരംഗം<br>വിദ്യാരംഗം<br>മലയാളം അധ്യാപകർ<br>വിദ്യാരംഗം |

# English : Academic Master Plan 2025-26

| Sl No | Purpose | Activities | Time | Responsibility |
|---|---|---|---|---|
| 1 | Enable the students to communicate freely and fearlessly | Role Play, Skit, Extempore and Spoken English classes | Throughout the year through classroom activities | English Teachers |
| 2 | Enable them to practice creative writing | Wall magazine, story writing, script writing, picture description | July/August | English Club |
| 3 | Enable the students to enrich vocabulary | Newspaper reading, creating their own dictionary | August to September | English Teachers |
| 4 | Enable them to recite poems rhythmically and versification | Opportunities to listen audios of recitation giving practice of versification | October | English Teachers |
| 5 | To link literary activities with global and national events, fostering awareness cultural understanding | Important days and celebrations especially the birth days of famous authors and writers | Throughout the years | English Club |

# അക്കാദമിക തല ഹിന്ദി ഭാഷ ക്ലാസ്സ് തലം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 8 | ഹിന്ദി അദ്ധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ |
| 2. | പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു | ജൂൺ ആദ്യവാരം | 8,9, 10 | ഹിന്ദി അദ്ധ്യാപകർ, മറ്റു ഭാഷാ അദ്ധ്യാപകർ | കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ |
| 3. | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക | പ്രതിദിനം | 8,9 | ഹിന്ദി അദ്ധ്യാപകർ | ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം |
| 4. | പസിലുകൾ | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അദ്ധ്യാപകർ | പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരങ്ങളുടെ അവതരണം |
| 5. | ഹിന്ദിയിലുള്ള ഡയറി ക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അദ്ധ്യാപകർ, മറ്റു ഭാഷാ അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6. | ഹിന്ദിയിൽ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | | 9,10 | ഹിന്ദി അദ്ധ്യാപകർ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 8,9 | ഹിന്ദി അദ്ധ്യാപകർ | |
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8,9 | ഹിന്ദി അദ്ധ്യാപകർ | |
| 9. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം, ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം, വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9, 10 | ഹിന്ദി അദ്ധ്യാപകർ, ക്ലാസ്സ് അദ്ധ്യാപകർ, മറ്റു അദ്ധ്യാപകർ | |
| 10. | കുട്ടികൾക്ക് മാനസിക ഉല്ലാസം നിലനിർത്തി കാമറ, ഏ ഐ ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അദ്ധ്യാപകർ, ക്ലാസ്സ് അദ്ധ്യാപകർ, മറ്റു അദ്ധ്യാപകർ | |

## അക്കാദമിക് പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പൗരബോധവും മൂല്യബോധവും ഉള്ളവരായി കുട്ടികളെ വളർത്തുക | സ്കൂൾ പാർലമെന്റ്, സംവാദങ്ങൾ, സാമൂഹ്യസേവനം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക് വർഷം മുഴുവനായും, തിരഞ്ഞെടുത്ത ദിനങ്ങളിലും നടത്തുന്നു | S Sഅദ്ധ്യാപകർ |
| ഭൂപട വായന നടത്തുവാനും സ്ഥലനിർണ്ണയം നടത്തുവാനും കുട്ടികളെ പ്രാപ്തരാക്കുക | അറ്റ്ലസ്, ഗ്ലോബ്, കപ്പ് എന്നിവ പരിചയപ്പെടുത്തുകയും താൽപ്പര്യം ഉണർത്തുകയും ചെയ്യുന്നു | വർഷം മുഴുവനും | S Sഅദ്ധ്യാപകർ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ സഹായിക്കുന്ന പൊതു വിജ്ഞാനം വളർത്തൽ | സാമൂഹ്യശാസ്ത്രമായും ദിനാചരണങ്ങൾ പൊതുവിജ്ഞാനം എന്നിവയുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | വർഷം മുഴുവനും | S Sഅദ്ധ്യാപകർ |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റുക | Field Trip, ചരിത്ര സിനിമാ പ്രദർശനം, ചരിത്ര ക്വിസുകൾ, ചരിത്ര രചനകൾ എന്നിവ സംഘടിപ്പിക്കുക | നിശ്ചയിച്ച ദിവസങ്ങളിൽ | S Sഅദ്ധ്യാപകർ |
| സാമ്പത്തിക മേഖലകളെ കുറിച്ചുള്ള അറിവ് നേടൽ | വിവിധ ബാങ്കുകൾ, അവയുടെ പ്രവർത്തനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | നിശ്ചയിച്ച ദിവസങ്ങളിൽ | S Sഅദ്ധ്യാപകർ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുക | വർഷം മുഴുവനും | S Sഅദ്ധ്യാപകർ |

# <u>സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകൻ – കുട്ടി, കുട്ടി – കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ |
| ചോദ്യപേപ്പർ, ശിൽപ്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ. ചോദ്യപേപ്പർ സമഗ്രയിൽ അപ്ലോഡ് ചെയ്യൽ | 3 മാസം | SRG, സയൻസ് ടീച്ചർ |
| മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശിൽപ്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് |
| ശാസ്ത്രലാബ് നവീകരണം. ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ മുതൽ 1 മാസം | സയൻസ് ടീച്ചർ |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ | 1 മാസം | സയൻസ് ക്ലബ്ബ് |
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്രലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | 1 വർഷം | സയൻസ് ക്ലബ്ബ് |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | 3 മാസം | സയൻസ് ടീച്ചർ |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ജൂലൈ ആദ്യ ആഴ്ച | ഗണിത അധ്യാപകർ |
| വിവിധ മോഡലുകളുടെ നിർമ്മാണം | | ജൂലൈ രണ്ടാം ആഴ്ച | ഗണിത അധ്യാപകർ |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ കൂട്ടൽ കുറയ്ക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. ക്ലാസിലെ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ, ഗണിത ആശയങ്ങൾ ഉറപ്പിക്കൽ. | ജൂലൈ 9 | ഗണിത അധ്യാപകർ |
| ജോമട്രിയുമായി കുട്ടികൾക്കുള്ള അറിവ് വിലുപീകരിക്കുന്നു. | ജോമട്രിക്കൽ ചാർട്ട് മത്സരം സംഘടിപ്പിക്കുന്നു. | ആഗസ്ത് മാസം | ഗണിത അധ്യാപകർ, കുട്ടികൾ |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളായ ഗുണന പട്ടിക ഉറപ്പിക്കുന്നു. | എല്ലാ ദിവസവും നിരന്തരം ചോദ്യങ്ങളിലൂടെയും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും ഗുണനപ്പട്ടിക ഉറപ്പിക്കുന്നു. | ജൂൺ മുതൽ സെപ്തംബർ വരെ | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| ഗണിതത്തിലെ ഗുണനം ലളിതമാക്കൽ ഗണിതത്തിലെ അടിസ്ഥാന ആശയമായ ഹരണം ലളിതമാക്കൽ. | ചെറിയ സംഖ്യകളിൽ തുടങ്ങി ലളിതമായ രീതിയിൽ ഹരണം പഠിപ്പിക്കുന്നു. ഗ്രൂപ്പുകളായി അധ്യാപികയുടെ സഹായത്തോടെയും ചെയ്യുന്നു. | ഒക്ടോബർ | ഗണിത അധ്യാപകർ |
| ന്യൂനസംഖ്യകളുടെ ആശയങ്ങൾ ഉറപ്പിക്കൽ | ന്യൂനസംഖ്യകളുടെ കൂട്ടലും കുറയ്ക്കലും ഗുണനവും ഹരണവും പഠിപ്പിക്കുന്നു. | നവംബർ മുതൽ ജനുവരി വരെ | ഗണിത അധ്യാപകർ |
| ഗണിതാശയങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പായി എന്ന് തിരിച്ചറിയാനുള്ള ടെസ്റ്റുകൾ | ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വർക്കിംഗ് സ്റ്റിൽ മോഡൽ എന്നിവയുടെ മത്സരം സംഘടിപ്പിക്കുന്നു.<br>വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജനുവരി മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ<br>കുട്ടികളുടെ ലീഡേഴ്സ് |
| **ദിനാചരണങ്ങൾ** | ആര്യഭട്ട ദിനാചരണം<br>ലോക ഗണിത ദിനം<br>രാമാനുജൻ ദിനം<br>പൈതഗോറിയൻ സിദ്ധാന്ത ദിനം | ജൂൺ 26<br>മാർച്ച് 14<br>ഡിസംബർ 22<br>ജൂലൈ 24 | |

# SANSKRIT

## Academic Master Plan 2025-26

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസിതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷാപഠന തൽപ്പരരാക്കുന്നു.<br><br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാദ്ധ്യതകൾക്ക് അനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അദ്ധ്യാപിക | അനുരൂപീകരണ തലം<br><br>സഹപാഠികളുടെ പിന്തുണ<br><br>പഠന പ്രവർത്തനങ്ങളിൽ സഹായിക്കൽ<br><br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ്സ് തല പ്രവർത്തനം | രചന ശില്പശാല അദ്ധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു | ,, | ,, | ,, | ,, |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്താവലോകനം തയ്യാറാക്കുന്നു | ,, | ,, | ,, | ,, |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ | പ്രശ്നോത്തരി, മാഗസിൻ, കഥ, കവിത, ഉപന്യാസം എന്നിവക്കുള്ള പരിശീലനം, സൃഷ്ടി | ,, | ,, | ,, | ,, |

| | | | | | |
|---|---|---|---|---|---|
| സംസ്കൃത ദിനാചരണം സ്കൂൾ തല മത്സരങ്ങൾ നടത്തി സബ്ജില്ലാ ജില്ലാ തലത്തിൽ പങ്കെടുപ്പിക്കൽ, സ്വാതന്ത്ര്യദിനം | ഔപചാരിക ക്ലബ്ബ് രൂപീകരണം, സംസ്കൃത സന്ദേശം, ഒരു പ്രമുഖ വ്യക്തിയുടെ ക്ലാസ്, സംസ്കൃതം പ്രാർത്ഥന, വന്ദേമാതരാലാപനം | ” | ” | ” | ” |
| ഭാഷാ പഠനം കലാപരിചയം<br><br>സംഭാഷണ ശിബിരം | കലോത്സവത്തിനായി സംസ്ഥാന അദ്ധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു.<br><br>പരീക്ഷാ സംബന്ധമായി കുട്ടികളുടെ ഭാഷാ പ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന് എല്ലാ കുട്ടികളും താൽപ്പര്യത്തോടെ പങ്കെടുക്കും | | ചിത്രങ്ങൾ, വീഡിയോ | ” | സബ്ജില്ലാ മത്സരാർത്ഥികൾക്ക് സംസ്കൃത അദ്ധ്യാപക കൂട്ടായ്മ സമ്മാനദാനം നൽകുന്നു. |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥല സന്ദർശനം | | ” | ” | ” |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, യു.എസ്.എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.<br><br>പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ് എസ് എൽ സി പരീക്ഷ പരിശീലനം | | ” | ” | ” |

# CLASS 8 അക്കാദമിക മാസ്റ്റർ പ്ലാൻ WORK EXPERIENCE

| Sl. No | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക സൗകര്യങ്ങൾ | സാമ്പത്തികം | പിന്തുണ | മെറ്റീരിയൽസ് | പരിസ്ഥിതികളോട് പൂർണ്ണമായും ഇണങ്ങിച്ചേരൽ |
|---|---|---|---|---|---|---|---|
| 1. | യൂണിറ്റ് – I ചെണ്ടുമല്ലി കൃഷി | 2½ മാസം | തുറസ്സായ സ്ഥലം | 3000/- | PTA, അദ്ധ്യാപകർ | തൈകൾ, വളം, കൈക്കോട്ട്, കത്തി | ജൈവവളം |
| 2. | യൂണിറ്റ് – II പ്ലമിങ് | ഒരു ദിവസം | തുറസ്സായ സ്ഥലം | 4000/- | Instructor, സയൻസ് അദ്ധ്യാപകർ | PVC/HDPE 65, 6kg/cm$^2$ PVC/LDPE 2.5kg/cm$^2$ 32m –75mm ലാറ്ററലുകൾ, എമിറ്ററുകൾ, ടേയ്ക്കോഫ്, ഹാൻഡ് ഡ്രിൽ, ‘S’ പഞ്ച്, ‘T’ connector etc. | പ്ലമിംഗ് ചെയ്യുന്ന രീതി മാതൃക കാണിച്ചു കൊടുക്കുന്നു |
| 3. | മേഖല–4 ബുക്ക് ബൈൻഡിംഗ് | 1 day | Class room | 1000/- | Work Education Teacher Instructor (ഗസ്റ്റ്) | പേപ്പറുകൾ, കത്രിക, ബൈൻഡിംഗ് നൂൽ, കത്രിക, പേപ്പർ കട്ടർ, ബേഡ്മിൻ, ചുറ്റിക, Steel Scale | |

# CLASS 9 അക്കാദമിക മാസ്റ്റർ പ്ലാൻ

| Sl. No | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക സൗകര്യങ്ങൾ | സാമ്പത്തികം | പിന്തുണ | മെറ്റീരിയൽസ് | പരിസ്ഥിതികളോട് പൂർണ്ണമായും ഇണങ്ങിച്ചേരൽ |
|---|---|---|---|---|---|---|---|
| 1. | LED Bulb നിർമ്മാണം Activity Book – E C Tronics | 2 days | ക്ലാസ്സ് റൂം (ലാബ്) | 5000/- | Physics അദ്ധ്യാപകർ, ഇൻസ്ട്രക്ടർ | LED Bulb കിറ്റ് | |
| 2. | Agriculture Activity Book | രണ്ടാഴ്ച | തുറസ്സായ സ്ഥലം | 1000/- | സയൻസ് അദ്ധ്യാപകർ | ചെടികൾ, ഉപകരണങ്ങൾ | പരിസ്ഥിതിയോട് പൂർണ്ണമായും ഇണങ്ങിച്ചേരൽ |
| 3. | വസ്ത്രം Activity Book Passion in Fashion | 9 മാസം | ലാബ് | 10,000/- | സ്കൂൾ, PTA | മിഷ്യൻസ്, തുണികൾ, മറ്റു ഉപകരണങ്ങൾ | |

# Art Education

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| 1. | കലാവിദ്യാഭ്യാസം | സ്കൂളിലെ യു.പി., എച്ച്.എസ് വിഭാഗത്തിലെ കുട്ടികൾക്കായി മാസംതോറും വിവിധ വിഷയങ്ങളെ ആസ്പദമാക്കി മത്സരങ്ങൾ<br>• പോസ്റ്റർ രചന<br>• വാട്ടർ കളറിംഗ്<br>• പെൻസിൽ ഡ്രോയിംഗ്<br>• ക്രയോൺസ് കളറിംഗ്<br>• ഫാബ്രിക് പെയിന്റിംഗ്<br>• വെജിറ്റബിൾ പ്രിന്റിംഗ്<br>• കൊളാഷ് നിർമ്മാണം | ജൂൺ – ഫെബ്രുവരി | ചിത്രകലാ അദ്ധ്യാപകൻ, മറ്റ് ക്ലബ്ബുകൾ |
| 2. | കലാവിദ്യാഭ്യാസം | എച്ച്.എസ് വിഭാഗത്തിലെ ഡിജിറ്റൽ ആർട്ടിൽ താൽപ്പര്യമുള്ള കുട്ടികൾക്കായി പോസ്റ്റർ ഡിസൈനിംഗ് ക്ലാസ്സ് | സെപ്റ്റംബർ – ഡിസംബർ | ചിത്രകലാ അദ്ധ്യാപകൻ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ |
| 3. | കലാവിദ്യാഭ്യാസം | 1) സംഗീത ദിനം – പോസ്റ്റർ ഡിസൈൻ<br>2) ബഷീർ ദിനം – വാട്ടർ കളർ<br>3) ഓണ പൂക്കള ഡിസൈൻ മത്സരം<br>4) ലോക രക്തസാക്ഷിദിനം പോസ്റ്റർ ഡിസൈൻ<br>5) ലോക വിദ്യാർത്ഥി ദിനം കൊളാജ് മേക്കിംഗ്<br>6) ശിശുദിനം – വാട്ടർ കളറിംഗ്<br>7) ക്രിസ്തുമസ് പോസ്റ്റ് കാർഡ് നിർമ്മാണം<br>8) റിപ്പബ്ലിക് ദിനം – പോസ്റ്റർ നിർമ്മാണം<br>9) ദേശീയ ശാസ്ത്ര ദിനം | June 21<br>July<br>August 13<br>September 8<br>October 15<br>November 14<br>December 8<br>January 26<br>February 28 | |

# Art Education

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| 1. | കലാവിദ്യാഭ്യാസം | സ്കൂളിലെ യു.പി., എച്ച്.എസ് വിഭാഗത്തിലെ കുട്ടികൾക്കായി മാസംതോറും വിവിധ വിഷയങ്ങളെ ആസ്പദമാക്കി മത്സരങ്ങൾ<br>• പോസ്റ്റർ രചന<br>• വാട്ടർ കളറിംഗ്<br>• പെൻസിൽ ഡ്രോയിംഗ്<br>• ക്രയോൺസ് കളറിംഗ്<br>• ഫാബ്രിക് പെയിന്റിംഗ്<br>• വെജിറ്റബിൾ പ്രിന്റിംഗ്<br>• കൊളാഷ് നിർമ്മാണം | ജൂൺ – ഫെബ്രുവരി | ചിത്രകലാ അദ്ധ്യാപകൻ, മറ്റ് ക്ലബ്ബുകൾ |
| 2. | കലാവിദ്യാഭ്യാസം | എച്ച്.എസ് വിഭാഗത്തിലെ ഡിജിറ്റൽ ആർട്ടിൽ താൽപ്പര്യമുള്ള കുട്ടികൾക്കായി പോസ്റ്റർ ഡിസൈനിംഗ് ക്ലാസ്സ് | സെപ്റ്റംബർ – ഡിസംബർ | ചിത്രകലാ അദ്ധ്യാപകൻ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ |
| 3. | കലാവിദ്യാഭ്യാസം | 10) സംഗീത ദിനം – പോസ്റ്റർ ഡിസൈൻ<br>11) ബഷീർ ദിനം – വാട്ടർ കളർ<br>12) ഓണ പൂക്കള ഡിസൈൻ മത്സരം<br>13) ലോക രക്തസാക്ഷിദിനം പോസ്റ്റർ ഡിസൈൻ<br>14) ലോക വിദ്യാർത്ഥി ദിനം കൊളാജ് മേക്കിംഗ്<br>15) ശിശുദിനം – വാട്ടർ കളറിംഗ്<br>16) ക്രിസ്തുമസ് പോസ്റ്റ് കാർഡ് നിർമ്മാണം<br>17) റിപ്പബ്ലിക് ദിനം – പോസ്റ്റർ നിർമ്മാണം<br>18) ദേശീയ ശാസ്ത്ര ദിനം | June 21<br>July<br>August 13<br>September 8<br>October 15<br>November 14<br>December 8<br>January 26<br>February 28 | |

# <u>ആരോഗ്യം കായികം വിദ്യാഭ്യാസം</u>

**കായികം**

<u>ലക്ഷ്യങ്ങൾ</u>

- കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ
- ആരോഗ്യം സംരക്ഷിക്കൽ
- സ്വഭാവ രൂപീകരണം
- യൂണിറ്റി
- ഏകാഗ്രത വർദ്ധിപ്പിക്കൽ
- പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കൽ

<u>പ്രവർത്തനങ്ങൾ</u>

- സ്കൂൾ അസംബ്ലി ശക്തിപ്പെടുത്തുക
- രാവിലെയും വൈകുന്നേരവും കായിക മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം (ഗെയിംസ്, അത്‌ലറ്റിക്സ്)
- യോഗ, കരാട്ടെ, സൂമ്പ, ചെസ്സ് കോർണർ എന്നിവയിൽ പരിശീലനം

<u>ചുമതല</u> -കായികാദ്ധ്യാപകൻ

**ആരോഗ്യം**

<u>ലക്ഷ്യം</u>

- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.

<u>പ്രവർത്തനങ്ങൾ</u>

- ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് കുട്ടികൾക്കും പൊതുജനത്തിനും
- എല്ലാ മാസവും ഹെൽത്ത് കൗൺസിലിംഗ്
- പകർച്ചവ്യാധികൾ തടയാൻ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കൽ
- എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് /ഫസ്റ്റ് എയ്ഡ് റൂം ഉപയോഗം

<u>ചുമതല</u>

- ഹെൽത്ത് ക്ലബ്ബ്
- ലഹരി ഉപയോഗം തടയൽ പ്രവർത്തനങ്ങൾ, മത്സരങ്ങൾ, ബോധവൽക്കരണ ക്ലാസ്

## വ്യക്തിത്വ വികസനം മാനസികാരോഗ്യം

ലക്ഷ്യം

- കുട്ടികളിലും, രക്ഷിതാക്കളിലും പൊതുസമൂഹത്തിലും ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

- സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ഒരു കൗൺസിലറുടെ സേവനം ഉപയോഗപ്പെടുത്തുക.
- കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുക.
- പരിഹരിക്കുന്നതിന് വ്യക്തിഗത കൗൺസിലിങ്ങും, ഗ്രൂപ്പ് കൗൺസിലിങ്ങും
- രക്ഷിതാക്കൾക്ക് കൗൺസിലിംഗ്
- വ്യക്തിത്വ വികസന ക്ലാസ്സുകൾ, ആത്മവിശ്വാസം വളർത്തുക, കഴിവുകളിൽ സ്വയം ബോധ്യം.
- ജീവിത നൈപുണി ക്ലാസ്സുകൾ

ചുമതല

ഹെൽത്ത് ക്ലബ്ബ്

## സാമൂഹ്യ സേവനം

ലക്ഷ്യം

- സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
- സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ സഹായിക്കേണ്ടതാണെന്ന ബോധ്യം വളർത്തുക
- സമൂഹത്തിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുക.
- നാം സമൂഹത്തിന്റെ ഭാഗമാണ് എന്ന തിരിച്ചറിവ് വളർത്തുക.

പ്രവർത്തനങ്ങൾ

- തങ്ങളുടെ സ്വന്തം ചിലവിനായി ലഭിക്കുന്ന തുകയിൽ നിന്ന് മിച്ചം പിടിച്ച് ഒരു ചെറിയ തുക എല്ലാ ദിവസവും ശേഖരിക്കുക.
- ലഭിക്കുന്ന തുക ഉപയോഗിച്ച് ഏറ്റവും അവശത അനുഭവിക്കുന്നവരെ സഹായിക്കുക.
- സ്കൂളിന്റെ പരിസര പ്രദേശത്തുള്ള പൊതുസ്ഥലം വൃത്തിയാക്കുക.
- അവശത അനുഭവിക്കുന്ന ആളുകൾ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുക.
- അവശത അനുഭവിക്കുന്നവർക്ക് ഭക്ഷണമെത്തിക്കുക.

## വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം

**പരിസ്ഥിതി ക്ലബ്ബ്**

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ 5 ലോക പരിസ്ഥിതി ദിനം | പരിസ്ഥിതി പോസ്റ്റർ രചന, മത്സരം മരങ്ങൾ വെച്ച് പിടിപ്പിക്കൽ |
| ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനം | പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പറ്റി ബോധവൽക്കരണം |
| ആഗസ്റ്റ് 22 ലോക നാട്ടറിവ് ദിനം | നാട്ടറിവ് - പഴയകാല ജീവിതശൈലിയും ഇന്നത്തെ രീതികളും തമ്മിൽ ഒരു താരതമ്യം |
| സെപ്തംബർ 18 അന്താരാഷ്ട്ര മുള ദിനം | മുളകൾ വെച്ചുപിടിപ്പിക്കുകയും മണ്ണ് സംരക്ഷണത്തിൽ മുളകളുടെ പ്രധാന്യം |
| ഒക്ടോബർ 17 ലോക ആയുർവേദ ദിനം | ഒറ്റമൂലി ചികിത്സയുടെ പ്രാധാന്യം ''ഒരു വിശ്വാസം മാത്രമോ'' - ചർച്ച |
| നവംബർ 12 ദേശീയ പക്ഷി നിരീക്ഷണ ദിനം | പ്രാദേശികവും അല്ലാത്തതുമായ പക്ഷികളുടെ പേര് പരിചയപ്പെടൽ |
| ഡിസംബർ 3 മലിനീകരണ നിയന്ത്രണ ദിനം | പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം പ്രകൃതിയിലുണ്ടാക്കുന്ന പ്രശ്നങ്ങൽ എന്ന വിഷയത്തെ കുറിച്ച് ചർച്ച |
| ജനുവരി 25 ദേശീയ വിനോദസഞ്ചാരം | പ്രകൃതി രമണീയമായ സ്ഥലങ്ങളെ പറ്റിയുള്ള അന്വേഷണം |
| ഫെബ്രുവരി 2 ലോക തണ്ണീർ തട ദിനം | തണ്ണീർ തടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യത്തെപ്പറ്റി ചർച്ച |
| മാർച്ച് 3 ലോക വന്യജീവി ദിനം | വന്യജീവികൾ നേരിടുന്ന ആവാസവ്യവസ്ഥയിലെ പ്രശ്നങ്ങളെപ്പറ്റി ഒരവലോകനം |

## വിമുക്തി ക്ലബ്ബ്

വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിൽ നിന്നും സമൂഹത്തിലുള്ളവരെ പിന്തിരിപ്പിക്കാൻ വേണ്ടി ഗവൺമെന്റ് കൊണ്ടുവന്ന മിഷനാണ് വിമുക്തി മിഷൻ. സംസ്ഥാന വ്യാപകമായി വിമുക്തി മിഷന്റെ പ്രോഗ്രാം നടന്നു വരുന്നു. പ്രധാനമായും സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിമുക്ത ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളെ ലഹരി ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ വേണ്ടി, അതിനോടുള്ള താൽപര്യത്തിൽ അവർ അകപ്പെട്ട് പോകാതിരിക്കാൻ വേണ്ടി വിമുക്തി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടന്നുവരുന്നുണ്ട്.

**പ്രവർത്തനങ്ങൾ**

- ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ
- ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം
- റീൽസ് നിർമ്മാണം

## ശുചിത്വ ക്ലബ്ബ്

- സ്കൂളിനകവും പരിസരവും ജൈവമോ അജൈവമോ ആയ മാലിന്യങ്ങൾ ഉണ്ടെങ്കിൽ അവ ഉചിതമായ ശാസ്ത്രീയ സംസ്ക്കരണ മാർഗത്തിലൂടെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾ
- റെഡ് ക്രോസ് എന്ന സംഘടനയുടെയും വാളണ്ടിയേഴ്സിന്റെ മേൽനോട്ടത്തിൽ പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.
- പകർച്ച വ്യാധിയും പരിസര ശുചിത്വവും എന്ന ബോധവൽക്കരണ ക്ലാസ്, ഉപന്യാസ രചനാമത്സരം സംഘടിപ്പിക്കുന്നു.
- മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്.

**ഐ.ടി. ക്ലബ്ബ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| IT ഉപകരണങ്ങളുടെ പരിപാലനം : ക്ലാസ് IT ഉപകരണങ്ങളുടെയും LAB IT ഉപകരണങ്ങളുടെയും സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക | ക്ലാസ്സ് തലത്തിൽ രണ്ട് കുട്ടികൾക്ക് വീതം ഓരോ മാസവും മാറി മാറി IT ഉപകരണങ്ങളുടെ പരിപാലനത്തിനുള്ള ചുമതല നൽകുന്നു. | ജൂൺ - മാർച്ച് | S I T C , Little Kites Masters, Mistress |
| ഉപജില്ലാ IT മേളക്ക് ഉള്ള കുട്ടികളെ തിരഞ്ഞെടുക്കൽ, പരിശീലനം നൽകൽ | ഓരോ ആഴ്ചയിലും വെള്ളിയാഴ്ച ഉച്ചയ്ക്ക് 1 മണി മുതൽ 2 മണിവരെ<br>10 വീതം കുട്ടികൾക്ക് IT ലാബിലെ ഉപകരണങ്ങളുടെ പരിപാലനത്തിനുള്ള ചുമതല നൽകുന്നു. | ജൂലൈ - സെപ്തംബർ | S I T C , Little Kites Masters, Mistress<br><br>Little Kites Masters, Mistress |

**ലിറ്റിൽ കൈറ്റ്സ്**

Documentation - June 2025 - March 2026

കമ്പ്യൂട്ടർ ഉപകരണങ്ങളുടെ സംരക്ഷണം

ആനിമേഷൻ - റോബോട്ടിക്സ് പരിശീലനം

ഡിജിറ്റൽ മാഗസിൻ നിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം

കമ്പ്യൂട്ടർ പരിശീലനം

സൈബർ ബോധവൽക്കരണം

വാർത്താ പത്രിക നിർമ്മാണം, പോസ്റ്റർ നിർമ്മാണം

ഷോർട്ട് ഫിലിം നിർമ്മാണം - ലഹരി വിരുദ്ധ സന്ദേശം

പരീക്ഷ റിമൈൻഡർ പോസ്റ്റർ നിർമ്മാണം

# ഉപസംഹാരം

പൊതുവിദ്യാലയങ്ങളിൽ ഭൗതികപരവും അക്കാദമിക പരവുമായ മികവുകൾ സൃഷ്ടിക്കാനുള്ള പദ്ധതികളുമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രവർത്തനപാതയിലാണ്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഉതകുന്ന തരത്തിലാണ് ഈ സമഗ്ര വികസനരേഖ തയ്യാറായിരിക്കുന്നത്. ഈ പ്രവർത്തങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടത്തി നമ്മുടെ വിദ്യാലയത്തെ മികച്ച പഠന കേന്ദ്രമാക്കി മാറ്റാൻ സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.